# തോട്ടക്കാരൻ

പൂവിട്ടു പൂവിട്ടു ഞാനെന്റെ മുറ്റത്തു
പാവിമുളപ്പിച്ച പാരിജാതം–
നീരെൻ കരത്താൽപ്പുലരിയിലന്തിയിൽ–
ക്കോരി നനച്ചോരു പാരിജാതം–
അത്ഭുതവർണ്ണത്തി,ലത്ഭുതരൂപത്തി,–
ലുത്ഭൂതമായ മൽപാരിജാതം!
2
ആദർശശുദ്ധി തിരയടിച്ചീടുമെ–
ന്നാത്മാവിനുള്ള മിനുമിനുപ്പും,
ഓമൽക്കലാഭംഗി തുള്ളിത്തുളുമ്പിടും
മാമകഹൃത്തിൻ തുടുതുടുപ്പും
ഒന്നിച്ചിണങ്ങിയോരിപ്പൂവിതളുക–
ളൊന്നുമ്മവെയ്ക്കാൻ കൊതിയ്ക്കുമാരും.
മോഹിച്ചതില്ല ഞാനെത്രയിബ്ഭാഗ്യത്തെ!–
മോദിച്ചിടാമിനി തെല്ലുനേരം.
ഞാനാണിതിന്നധികാരിയെന്നോർക്കുമ്പോൾ–
പ്പീനാഭിമാനം വിരിവൂ കണ്ണിൽ–
പൂവിട്ടുനില്ക്കുമിപ്പാരിജാതംപോലെ
പൂർണ്ണമായ് മറ്റൊന്നില്ലീയുലകിൽ!
3
ചന്തം വിരിയുന്ന താരകൾതൻ മുഖ–
മെന്തിനിമ്മട്ടിൽ വിളറിടുന്നു ?
കൊച്ചുകാറ്റെന്തിനാണോതുന്നതോരോന്നു
പച്ചിലക്കാടിനോടർത്ഥഗർഭം ?
എന്തിനോ വാരിധി ഗർജ്ജനം ചെയ്യുന്നു
വൻതിരക്കൈയുകളോങ്ങിയോങ്ങി ?
4
എന്തിനായാലും, വിലവെയ്ക്കുകില്ല ഞാ,–
നെൻ കരളുച്ചത്തിൽപ്പാടുമെന്നും–
പൂവിട്ടു നിൽക്കുമിപ്പാരിജാതംപോലെ
പൂർണ്ണമായ് മറ്റൊന്നില്ലീയുലകിൽ!

# പൂണൂൽക്കാരുടെ ചരിത്രം

ഓണനാളുച്ചതിരിഞ്ഞു കാണും;
ഓതിയ്ക്കൻനമ്പൂരിതൻ ഗൃഹത്തിൽ,
സദ്യയ്ക്കുശേഷം വെടിപറയാൻ
എത്തി, മുറുക്കി,പ്പതിവുപോലേ
പൂമോത്തു ചീട്ടും കളിച്ചുകൂടും

പൂണൂൽക്കാർ കേട്ടൂ കിഴക്കിനിയിൽ.

*''പുഞ്ചനെല്ലും കൊത്തിത്തിന്നു സഞ്ചരിയ്ക്കും കിളിപ്പെണ്ണേ,
അഞ്ചാതെ നീയെവിടുന്നു വരുന്നിതിപ്പോൾ.''
കിളിമകളതു കേട്ടു കളവേണുകൃഷ്ണൻതന്നെ
കരളിലങ്ങുറപ്പിച്ചു പറഞ്ഞാളേവം:
''വാരിജാക്ഷൻ വാണരുളും വാരിധിതൻ തീരത്തൊരു
പാരിജാതദ്രുമത്തിന്റെ മുകളിൽനിന്ന്.''
ഈണത്തിൽപ്പാടിക്കളിയ്ക്കുകയാ–
ണോണക്കിളികളാം പെണ്കിടാങ്ങൾ.
കാൽമടമ്പിന്റെ ചവിട്ടു, മോട്ടു–
കൈവളതൻ മൃദുശിഞ്ജിതവും,
ലോലമശ്ശാരീരത്തള്ളലിന്നു
താളശ്രുതികളിണക്കി നീളേ.
മൈലാഞ്ചിച്ചെമ്മാർന്ന കാൽമടമ്പ,–
ക്കൈവെള്ള–മാംസളമാംസളങ്ങൾ,
കാണുന്നൂ, തെറ്റിച്ചു ചീട്ടിറക്കും
കാരണോപ്പാടന്മാർപോലുമുള്ളിൽ;
താരുണ്യം ഞെട്ടിത്തെറിച്ചുണരും
വാരുറ്റ നഗ്നമാം മാറിടങ്ങൾ
ചാട്ടം തുടങ്ങിയക്കണ്കൾക്കുള്ളിൽ–
പ്പാട്ടിൻ കയറ്റവും താഴ്ചയും പോൽ.
ആ മധുരോദാരകണ്ഠനാദം
ആർക്കഥവാ, മദം ചേർക്കുകില്ല!
തൂനറുമൊട്ടുകൾ നെഞ്ചിലേന്തും
ആ നടുമുറ്റത്തെ മുല്ലയ്ക്കപ്പോൾ
നീടാർന്നു സീൽക്കരിച്ചീടുവാനും
ആടിക്കളിയ്ക്കാനും വെമ്പലുണ്ടായ് !
പൊള്ളിയ്ക്കു മുച്ചക്കൊടുംവെയിലാ
മുല്ലയെമ്മട്ടു മറന്നുപോയീ!
തെക്കിനിവാതിൽപ്പഴുതിലെത്തി
മുട്ടും പടിഞ്ഞാറൻകാറ്റലകൾ
തേട്ടുന്ന നീരാവിയാ ലതയിൽ
കേറ്റീയിട്ടുണ്ടാം കുറച്ചു കമ്പം!
ഒട്ടരിമാവു തലയിൽ വീശി,
പട്ടോണപ്പൂ ചൂടി, ക്കൂനിക്കൂനി,
മുല്ലച്ചെടിതൻ കലവികളിൽ
ഉല്ലാസം കൈക്കൊണ്ടിരുന്നു ചാരേ,
നല്ലപ്പൻകാലം മനസ്സിൽ വിങ്ങും
നാലഞ്ചുണങ്ങിയ മൺകോലങ്ങൾ.

**രണ്ടാം ഭാഗം**
'പൂവിട്ടതാ,' മാ യുവതികൾതൻ
പാവുകസവുകരപ്പുടവകൾ
ആ നൃത്തംമൂലമുടഞ്ഞിടുമ്പോൾ
ആവിർഭവിയ്ക്കും 'കലാ' രവത്തിൽ,

ആ നൃത്തംമൂലമുലഞ്ഞിടുമ്പോൾ
ആവിർഭവിയ്ക്കും കിരണവായ്പിൽ,
ചാരമോലും മിഴിപ്പോളകൂട്ടി
ചാരത്തു ശീലയിൽച്ചായും നേരം,
മുത്തശ്ശിതൻ മനസ്സെന്തുകൊണ്ടോ
പൊത്തിപ്പിടിച്ചു രസിച്ചു തുള്ളി.
അന്നാലുകെട്ടിലൊരൊച്ചയപ്പോൾ
വന്നലച്ചൂ ദൂരത്തെങ്ങുനിന്നോ–
ആളുകളാവേശത്തള്ളൽമൂലം
ആർത്തുവിളിയ്ക്കും കടുത്ത ഘോഷം.
''എന്തതു?'' ചാടിയെണീറ്റു കാതാൽ
ചിന്തിച്ചൂ മുത്തശ്ശി; പാടുവോരും:

''ഇൻ.....ക്വിലാബ്, സിന്ദാബാദ് !......
ഇൻ.......ക്വിലാബ്, സിന്ദാബാദ് !......
വി.........പ്ലവം, ജയിയ്ക്കട്ടെ !.......
വി.........പ്ലവം, ജയിയ്ക്കട്ടെ.......''
താത്രിയ്ക്കു ചിത്തം തുടിച്ചുപോയീ,
തേതിയ്ക്കോ വല്ലാത്തൊരുൾക്കിടിലം;
നങ്ങേലി കണ്ണും തുറിച്ചുനിന്നൂ,
നങ്ങയ്യ പെട്ടെന്നൊരട്ടഹാസം!
ഞെട്ടിത്തെറിച്ചുപോയമ്മ; കാതു
വട്ടംപിടിച്ചു മുത്തശ്ശി വീണ്ടും!
നിശ്ചലം, നിശ്ശബ്ദം, തെല്ലുനേരം
നിന്നുപോയാ മുല്ലവല്ലിപോലും!
''കാണാർന്നൂ മുത്തശ്ശി,'' താത്രി കണ്ണിൻ
കോണാൽത്തദാശയമൊന്നളന്നൂ;
''ഞാനുമുണ്ടേടത്തീ,'' പേടിമൂലം
താണുപോയ് നങ്ങയ്യതൻ നിനദം.
പീലി ചലിയ്ക്കാത്ത ദൃഷ്ടികളാൽ
നാലു ചുമരുമുഴിഞ്ഞശേഷം
തക്കത്തിലോടുമവരെ നോക്കി
''പൊക്കോളിൻ, പൊക്കോളി,'' നാർത്തു മുത്തി;
പീളകെട്ടിച്ചാരമാണ്ട കണ്ണിൻ
പോള പിന്നോക്കം ചുളുങ്ങിമാറീ:
'' 'കുപ്പായമിട്ടിട്ട' വറ്റയുമായ്
കൂക്കിവിളിച്ചു നടന്നുകൊള്ളിൻ.''
പൂമോത്തു ചീട്ടും കളിച്ചുകൂടും
പൂണൂൽക്കാർമാത്രം കുലുങ്ങിയില്ല;
''ആരോ പകിട കളിച്ചീടുമ്പോൾ
ആർക്കുകയാണു–താൻ ചീട്ടിറക്കൂ!''
''ക്ലാവരെ,ത്താനല്ലേ വെട്ടീ മുമ്പൊ–
ന്നീ; വിദ്യനിർത്തിസ്സലാം പറയൂ!''

**മൂന്നാം ഭാഗം**
കാക്കയ്ക്കിരിയ്ക്കാൻ തണലില്ലാത്ത
നോക്കെത്താപ്പാടത്തിൻ നെഞ്ചിലൂടെ,

ആവി വീർത്തീടും മണൽത്തരികൾ
പാവിയ നീളൻനിരത്തിലൂടെ,
വേർപ്പിൽക്കുളിച്ചു, മുടി പറത്തി,
മാർത്തട്ടു മുന്നോട്ടാഞ്ഞാഞ്ഞു തള്ളി,
കയ്യിൽപ്പറക്കും പതാകയേന്തി,
കണ്ടാൽപ്പകയ്ക്കും ജനസമുദ്രം
ആയിരമായിരം മുഷ്ടി പൊക്കി
ആഗമിപ്പൂ, ധീരമാഗമിപ്പൂ !
ഓരോമിഴിയും ഹാ, ചെമ്പരുത്തി–
പ്പൂവിൽത്തീക്കട്ടകളെന്നപോലെ!
വേലിത്തറികളിൽക്കൈ മുറുക്കി,
വേപിതയായ്ത്താത്രി നോക്കിനിന്നു;
നങ്ങയ്യ താത്രി തൻ തോളിൽക്കൈവെ–
ച്ചങ്ങോട്ടു നോക്കാൻ വലിഞ്ഞുവെമ്പി.
ആവേശാൽച്ചില്ലക്കൈത്തുമ്പു മാടി
മാവുകളുച്ചത്തിലാർത്തുകൂവി;
ഉച്ചക്കിളിതൻ സമരഗാനം
പച്ചിലത്തൊത്തിലലച്ചു വിങ്ങി;
വാനിൽക്കറങ്ങും പരുന്തുടനേ
താളം പിടിച്ചൂ ചിറകടിയാൽ.
മുള്ളാർന്ന വേലി പിടിച്ചുനിന്നാ
മുഗ്ധമാരിപ്പുതു പാട്ടു കേട്ടു:

''അരികിട്ടാതെയടങ്ങുകയില്ല,
തുണി കിട്ടാതെ മടങ്ങുകയില്ല.
ഓണം ചിലരുടെ കുത്തകയല്ല,
വേണം സുഖമീ വേലക്കാർക്കും.
പോകും നിർദ്ദയനീതികളെല്ലാം,
പോയാലന്നേ ഞങ്ങളുറങ്ങൂ!
ലോകം ഞങ്ങൾ പിടിച്ചുപറിയ്ക്കും,
ശോകം ഞങ്ങളടിച്ചുപൊടിയ്ക്കും.
ഞങ്ങടെ മാംസം തിന്ന കഴുക്കൾ,
ഞങ്ങടെ രക്തം മോന്തും പുലികൾ–
അവരൊടു പകരംചോദിച്ചിട്ടീ
അവശരുമുണ്ണുമൊരോണം നാളെ.''
ആവേശത്തിൻ കൊടും തീയലകൾ
ആകാശത്തെങ്ങുമലച്ചു കേറീ
താത്രിതൻ കാ,ലവളോർത്തിടാതാ
മാത്രയിലൊന്നു മുന്നോട്ടു തെള്ളീ;
ഹാ, മുറിവേല്പിച്ചിതാപ്പതുത്ത
കോമളപാദത്തെ മുള്ളുവേലി.
ചോര തെറിച്ചിതിതയ്ക്കലാകെ;
കോരിത്തരിച്ചു നങ്ങയ്യ, പാവം!
നങ്ങയ്യയുച്ചം നിലവിളിച്ചൂ,
നന്നെപ്പുണർന്നൂ സഹോദരിയെ.
പൂമോത്തു ചീട്ടും കളിച്ചുകൂടും

പൂണൂൽകാർക്കപ്പോഴുമില്ല കൂട്ടം:
'' 'ആട്ടകള' ക്കാരൊന്നാർത്തുപോയാൽ
ചീട്ടിറക്കില്ല പിന്നീ മനുഷ്യൻ!''

# താലിക്കാരി

അവളെ ഞാൻ കണ്ടപ്പോളവൾതൻ പ്രകൃതിക–
ളഖിലവും പ്രാകൃതമായിരുന്നു:
കഴലിലെക്കീറത്തുണിക്കെട്ടിൽനിന്നുറ–
ന്നൊഴുകുന്നു നാറും ചലപ്രവാഹം;
ചുരമാന്തിത്തത്തുന്നു ചൊറികേറിയ തൊലിയിന്മേൽ
ച്ചുഴലുന്ന മൊരികളിൽപ്പുലിനഖങ്ങൾ;
പുരളുന്നു മൊളി മെയ്യിലാകവേ, ചാമ്പലിൽ–
പ്പുളയുന്ന ചൊക്കിളിപ്പട്ടിപോലെ!

ഊഊഊ

അവളുടെ മിഴികളെൻ മിഴികളിൽത്തറയുമാ–
റലമുറക്കൊണ്ടാ,''ളൊരുകായി തന്നേ!''
അവളുടെ മിഴികളിലെന്മിഴി തറയുമാ–
റവലോകംചെയ്തു ഞാനൽപ്പനേരം:
ചെറുതാലി, ചെറുതാലി, കണ്ഠത്തിൽ കാഞ്ചന–
ച്ചെറുതാലിയുണ്ടാ വധൂടികയ്ക്കും!.....
ഒരു കാശല്ലൊ,രു നൂറു   കാശുമല്ല,തു വിറ്റാ–
ലോരു പാടു കാശിന്നവൾക്കു കിട്ടും!.....
കരുണമാം മിഴിയോടേ നിൽക്കയാണപ്പോഴും,
കരകയാണവ,''ളൊരു കായി തന്നേ!''

# കവിയുടെ പാട്ട്

കടലിലാണ്ടു കർമ്മസാക്ഷി; കലുഷമായി ദിങ്മുഖങ്ങൾ
ഒരു നനുത്ത താരമാത്രം കിരണമാല തൂകി വിണ്ണിൽ.

കവി വസിയ്ക്കും കൊച്ചുവീട്ടിലൊരുവിളക്കു കാന്തി വീശി.
കൊടുമിരുട്ടിലാണ്ടു മുങ്ങി കുടിലിലിടങ്ങൾ നാലുപാടും.

ഇരുളുമാത്രം – പിന്നെയെങ്ങുമിരുളുമാത്രം; പേടിയാവും!
തുടുതുടുത്ത മേഘപാളിയ്ക്കുടവുതട്ടി – ഹാ, വിളർത്തു:

പണി കഴിഞ്ഞു ചാളപൂകും പണിയർതൻ മുഖം കണക്കെ.
ഇല നിറഞ്ഞു വൃക്ഷശാഖ ചലനമറ്റൊതുങ്ങിനിന്നും.

പറവവർഗ്ഗം കൂട്ടിലെത്തിച്ചിറകൊതുക്കി വീണുറങ്ങി.
കടലിരമ്പി മേക്കൊരൂക്കനിടിമുഴക്കമെന്നപോലെ!

ഊഊഊ

അരയിൽക്കീറത്തോർത്തുമുണ്ടും കരതലത്തിൽച്ചൂട്ടുമായി,
കുടിലിലെത്തിയോലവാതിൽ തടവിനിന്നു 'തേവ'നോതി:

''വയറെരിഞ്ഞിടുന്നു നിൽക്കാൻ വഹിയ തെല്ലുമെന്റെ 'നീലി'!''
തൊടിയിലേത്തവാഴ, തന്റെ മുടിയൊതുക്കിടാതെ നിൽക്കെ,

അവനെറിഞ്ഞു ചൂട്ട,തിന്റെ കടതടഞ്ഞു കെട്ടടങ്ങി,
'കരകരോ'വിരാവമപ്പോൾ പ്പുരയിൽനിന്നു കേട്ടു തേവൻ;

അവളതാ, തുറന്നു വാതിലവനകത്തു കേറി മെല്ലേ
കവി വസിയ്ക്കും വീട്ടിൽനിന്നൊ'രവിയ'ലിൻ സുഗന്ധമപ്പോൾ

അവിടെ വായുമണ്ഡലത്തിലരനിമിഷം തിങ്ങിവിങ്ങി.

ഽഽഽ

കരിപുരണ്ട മൺചെരാതിൽതിരി മുനിഞ്ഞു കത്തിനിന്നു;
തിരി മുനിഞ്ഞുനിൽക്കെ മുന്നിൽതലതിരിഞ്ഞിരുന്നു തേവൻ.

ചളിയിലന്തിയാകുവോളം കരിപിടിച്ചതാണു തേവൻ;
തടി വിയർത്തിതേവരേയ്ക്കും പണിയെടുത്തതാണു തേവൻ!

കരുണമാം മിഴികളോടെയരികിൽ വന്നിരുന്നു നീലി.
ചലനമില്ല: രണ്ടുപേരും മിഴികളാൽപ്പുണർന്നു തമ്മിൽ!

ഞൊടികളപ്പോൾ മൂകമൂകമടികൾ വെച്ചകന്നുപോയി.
അരികെ മണ്ണിൽ വീണുറങ്ങും 'കരുണ'നൊന്നു കാൽ കുടഞ്ഞു.

അവനെയൊന്നു നോക്കി തേവ;നലിവൂറന്നു കൺകടയ്ക്കൽ!
ഉലകണക്കു വീർത്തു താഴും വയറു,മെല്ലുയർന്ന മാറും,

കരിമുരുക്കുചില്ല തോറ്റ കരവു,മാ വളഞ്ഞ കാലും,
ചകിരിപോലെഴും തലയുമിതിനുമുമ്പും കണ്ടതല്ലേ?

പുതിയതീ വികാരഭേദം; ഹൃദയമാർഗ്ഗമാരു കണ്ടു?
ഒരു ഞെടുക്കമാ മനസ്സിൽ, ഒരു കലക്കമാമിഴിയിൽ!

ഽഽഽ

''തരിക കഞ്ഞി നീലി.'' തേവൻ വെറിപിടിച്ചിരുന്നു നോക്കി;
പറകയാണു നീലി''റേഷനരിയടുത്ത നാളിലെത്തും;

കടലിലുള്ള കപ്പലിന്നു കടവിലെത്തുമെന്നു കേട്ടു.''
അവനുടനെ പല്ലുരച്ചൊന്നലറിയേറ്റുനിന്നു ചൊല്ലി:

''കടലിലുണ്ടു കപ്പൽ! എന്റെ കരുണ,നെങ്കിലെന്തു ലാഭം!''

ഽഽഽ

കവിയടുത്ത വീട്ടിലുച്ചം കരളലിഞ്ഞു പാടിടുന്നു:
'ഹാ വരുന്നൂ വസന്തനാളുകൾ ജീവിതത്തിൻ കിനാവുകൾ.

ആയതെത്ര മനോഹരം? കരിഞ്ഞായലാളേ, ധരിയ്ക്ക നീ!
കാറൊളിക്കുയിൽ വീണ മീട്ടിടും ഹാരിയാമൊരു രാത്രിയിൽ,

പാരിടത്തെക്കുളിരിലാഴ്ത്തിടും ചാരുചന്ദ്രികാധാരയിൽ,
പുത്തൻപൂക്കളണിഞ്ഞു മുല്ലകൾ നൃത്തമാടും വനികയിൽ,

കൊച്ചരുവിയലകളാൽത്താളം കൊട്ടിനില്ക്കുമാവേളയിൽ,
മഞ്ജുതല്പം വിരിച്ച പൂവണിക്കുഞ്ജകാന്തരവേദിയിൽ......

ഒന്നു ചുംബിയ്ക്കും പൂന്തുടുപ്പെഴും നിന്നധരത്തിലന്നു ഞാൻ;
ഒന്നു നുള്ളുമിക്കാഞ്ചനപ്രഭ ചിന്നും നിൻ കവിളത്തു ഞാൻ!

ഹാ,വരുന്നൂ വസന്തനാളുകൾ, ജീവിതത്തിൻകിനാവുകൾ.
ആയതെത്ര മനോഹരം: കരി ഞ്ചായലാളേ, ധരിയ്ക്ക നീ!.....

അയലിലോടുമേഞ്ഞ വീട്ടിലലയടിച്ച പാട്ടുകേൾക്കെ,
തുടുതുടുത്ത കൺ തുറിച്ചു ചൊടി കടിച്ചുനിന്നു തേവൻ

ഒരു തണുത്ത കാറ്റുവീശി; തിരിയണഞ്ഞു മൺചെരാതിൽ.

# കാവൽക്കാരി

അച്ചെറുനാടൻതൊടിയിലൊരത്ഭുത–
പ്പിച്ചകപ്പൂവുണ്ടു നീലനീലം.

പച്ചപിടിച്ച വയലിലിളകുന്ന
കൊച്ചലച്ചാർത്തു മുതിർന്നിടുമ്പോൾ

അപ്പിഞ്ചലരിന്നൊരാൺകുയിലിന്നൊപ്പ–
മാഹ്ലാദഗീതി തുളുമ്പുമുള്ളിൽ.

**2**

നീലിയ്ക്കു പാടാം മുരളുന്ന പെട്ടിതൻ
മേലേയ്ക്കു ചാഞ്ഞിരിയ്ക്കാതെതന്നെ!

മേലാളർ ജാതിവരമ്പിട്ടകറ്റിയ
നീലിച്ച പായലാണച്ചെറുമി

അജ്ഞതാഗർത്തത്തിൽ,പ്പഞ്ഞത്തിൻ വാഴ്ചയി–
ലാട്ടുമകറ്റും പൊറുത്തൊഴികെ,

ഇല്ലവൾക്കൊട്ടും സമയമൊരാശാന്റെ
ചൊല്ലുപോൽ സംഗീതമഭ്യസിയ്ക്കാൻ.

അല്ലെങ്കിൽ, മുങ്ങിക്കുളിയെയും കൂസാതെ–
യുള്ളവരുണ്ടാവാം ഗായകന്മാർ;

ഉണ്ടാമോ നാണയം താളംപിടിയ്ക്കാത–
ക്കണ്ഠത്തിൽ നിന്നൊരു ഗാനബിന്ദു?

**3**

ഇമ്പം വളർത്തും പൊൽത്താലിപോലാവയൽ–
''ത്തമ്പാട്ടി'യിൽ നെൽക്കതിർക്കുലകൾ

കാന്തിപുലർത്തീ; പുലയയുവതിയി–
ലേന്തിത്തുളുമ്പീ ഹൃത്തോഷപൂരം.

ആടിപ്പറന്നുവന്നെത്തുന്നുണ്ടാറ്റക–
ളാഹാരത്തിന്നക്കതിരു കക്കാൻ,

തന്നെപ്പോ,ലാരും പഠിപ്പിച്ചതല്ലാത്ത
സുന്ദരഗീതങ്ങൾ പാടിപ്പാടി!

നീലിതൻ പിച്ചളക്കൈവളക്കൂട്ടത്തിൻ
താളത്തോടൊത്താ വയൽപ്പരപ്പിൽ

നീലനിഴലിനെച്ചാഞ്ചാടിച്ചങ്ങിനെ
മേലേ പറന്നിതപ്പൈങ്കിളികൾ.

**4**

ഓരോന്നായ്പ്പാഴിരുൾനാളാകും പച്ചില-
യേറേ വിരിഞ്ഞുകൊഴിഞ്ഞൊടുവിൽ

നേരിയ പൊന്നോണപ്പൂങ്കുലകാണാറായ്
മാരിക്കാലത്തിന്നു മഞ്ജുളാഭം.

പോയ ദിനങ്ങളിൽ ക്ലേശിച്ചു താൻ പൊന്നു-
പോലേ വളർത്തൊരന്നെൽച്ചെടികൾ

കാഞ്ചനപ്പുഞ്ചിരി പൂണ്മതോടൊപ്പമ-
ക്കാവൽപ്പെണ്ണാഹാ, കരഞ്ഞു മോദാൽ!

അക്കൊച്ചുഹൃത്തിൽ തുളുമ്പിയിരിയ്ക്കാമ-
ന്നെൽക്കൃഷിയോടൊ 'രുടമബോധം'!

ആട്ടിക്കളഞ്ഞാളപഹരിയ്ക്കാൻ തല
നീട്ടും ദുരാശയെയൊക്കെ നീലി

കാലികൾ കേട്ടുപോലാറ്റകളോതുന്നു,
''നീലിതാനക്കൊച്ചു കാവൽക്കാരി.''

**5**

എത്ര വിലക്കീട്ടെന്തെത്തുമല്ലോ മന്നി-
ലെത്തേണ്ടുമാപത്തതാതു കാലം.

നീലിതൻ സ്വന്തമാ നെൽക്കതിർ കക്കുവാൻ
മേലാളൻ പാരമ്പര്യാധികാരി

പാടത്തുവന്നേവം കല്പിച്ചു, ''നാളെത്താൻ
കൂടണമാളുകൾ നെല്ലുകൊയ്യാൻ!''

ആറ്റയ്ക്കുപിമ്പേ പറന്നുപോയ് നീലിതൻ
പാട്ടും വളതൻ ഝണൽക്കൃതിയും!

# പാതിരാപ്പാട്ടും ഞാനും

മഴവില്ലൊളി ചിന്നും തങ്കവും ഞാനുംകൂടി
മധുരം മയങ്ങുന്നൂ ശാന്തമീ മണിമച്ചിൽ;
അന്ധകാരമാം കുട്ടിക്കംബളം പുതച്ചുകൊ-
ണ്ടംബരം ധരണിയെപ്പുൽകവേ മുകളിലും.
മുതിർന്നൂ ദൂരത്തൊരു പാതിരപ്പാട്ടിൻ നാദം
പതിതഹൃദയത്തിൻ ലോലരോദനംപോലെ:
''.....പച്ചത്തളിരണിത്തോപ്പിലാകെ
കൊച്ചോണപ്പൂക്കൾ വിടർന്നുപോയി,
തുന്ദിലകാന്തി വിരിഞ്ഞുപോയി
തുമ്പച്ചെടികൾതൻ തുമ്പുകളിൽ,

പാടുന്നു മാമരച്ചില്ലകളിൽ
പാറിക്കളിയ്ക്കുന്ന പൈങ്കിളികൾ.
പുള്ളിപ്പാവാടയുടുത്തൊരുങ്ങി,
വെള്ളിപ്പൂമ്പുഞ്ചിരി ചുണ്ടിൽവിങ്ങി,
ഉള്ളഴിഞ്ഞാനന്ദഗാനം തൂകി–
ത്തുള്ളിക്കളിക്കയോ ചിങ്ങമാസം?...''

ഝഝഝ

അരിമാവണിഞ്ഞാ,ടുമലരിപ്പൂവും ചൂടി–
യിരിപ്പൂ – പരമാർത്ഥം – എൻ നടുമുറ്റത്തിപ്പോൾ
കാരുണ്യക്കടലാകും മാവേലിത്തിരുമേനി;
കാലത്തു പഴം നിവേദിയ്ക്കണമല്ലോ നാളെ.
പുലരാറായോ നേരം? ഉണ്ടല്ലോ ഘടികാരം.
പലപാടേവം പാറി മന്മനം കുതിയ്ക്കുമ്പോൾ,
മുതിർന്നൂ വീണ്ടും ദൂരെപ്പാതിരാപ്പാട്ടിൻ നാദം
പതിതഹൃദയത്തിൻ ലോലരോദനംപോലെ:
''...മതിയാക്കൂ, ചിങ്ങമേ, നിന്റെ നൃത്തം:
മനുജർതൻ കണ്ണീരിലെന്തു നൃത്തം?
ഇതിനെന്തു ബന്ധമിക്കേരളത്തിൽ,
ഗതികേടിൻ നൃത്തനികേതനത്തിൽ?
മലനാടൊന്നാകെക്കൺപാർത്തുനോക്കൂ,
മലിനതയല്ലയോ കൂത്തടിപ്പൂ?
ഇഴയുന്നു, കണ്ടില്ലേ, റോട്ടിലാകെ–
ത്തൊഴിലാളിവർഗ്ഗമൊടിഞ്ഞുതൂങ്ങി?
കരയുന്നു, കേട്ടില്ലേ, നാട്ടിലാകെ–
ക്കൃഷകന്മാർ ചോരവരണ്ടുണങ്ങി?
വയറൊക്കെപ്പാതാളമായിരിപ്പൂ,
വരിയായി നെഞ്ഞെല്ലുയർന്നുനിൽപ്പൂ;
ചളിയാൽപ്പിടിച്ച ചിരങ്ങുമാന്തി–
ച്ചിറികോട്ടിപ്പല്ലുമിളിച്ചുനിൽപ്പൂ!
കുതിക്കൊള്ളുന്നുണ്ടാക്കരളുകളിൽ–
ക്കൊതി,വെള്ളമുണ്ടൊന്നുടുത്തു നിൽക്കാൻ;
ഉദരം നിറച്ചുമൊന്നൂൺകഴിയ്ക്കാൻ;
പ്രണയിനിക്കോണപ്പുടവനൽകാൻ;
ചളിപറ്റിക്കണ്ണീർപുരണ്ടതാമ–
ച്ചുളി വീണകൊല്ലിയിലുമ്മവെക്കാൻ!
അവരെത്ര മൂകമാം ചോദ്യമൂന്നീ–
ലധികാരഗർവ്വിൻനേർക്കോർത്തുനോക്കൂ!
അലിവില്ലതിന്നു, ഹൃദയമില്ല;
കലിതുള്ളാൻമാത്രമതിന്നറിയാം.
ഇടിവെട്ടും മട്ടെഴുമട്ടഹാസം
തുടരുകയാമതു ധീരധീരം;
എരിയുന്ന തീത്തിരകൊണ്ടുമാത്രം
മറുപടിചൊല്ലുന്നു ധീരധീരം!
കരുണാകരനാം ജഗൽപിതാവേ,
കരയാത്തതെന്തുകൊണ്ടിന്നിയും നീ?

കരയൂ; കരയായ്കിൽ ഞങ്ങളാനിൻ
'കരുണ' യെക്കാര്യമായ്സ്സംശയിപ്പൂ!
പിടയുന്ന ജീവന്റെ വേദനയിൽ–
ത്തുടരായ്ക, ചിങ്ങമേ, നിന്റെ നൃത്തം!....''

ഊഊഊ

പുലരാനേതാണ്ടായിക്കാണണം; മാവേലിയ്ക്കു
പുലരുംമുമ്പേതന്നെ പൂജിച്ചേ മതിയാവൂ!
തിരുവോണമല്ലല്ലീ നാളെ? നാക്കിലവെച്ചു
തിളങ്ങും ദീപത്തിന്റെ മുമ്പിൽ ഞാനിരിക്കുമ്പോൾ,
ഓമനത്തുമ്പപ്പൂഞ്ചോറെനിയ്ക്കു വിളമ്പുമ്പോ–
ളാമുഖം പൊന്നോണപ്പൂച്ചെണ്ടായി വിളങ്ങുമ്പോൾ
പൂവിടു, 'മോണക്കാലത്തിത്ര വൈകരുതുണ്ണാൻ';
കൈവള ചിരിയ്ക്കു–മെന്നൊക്കെഞാനാലോചിയ്ക്കെ,
മുതിർന്നൂ വീണ്ടും ദൂരെപ്പാതിരാപ്പാട്ടിൻ നാദം
പതിതഹൃദയത്തിൻ ലോലരോദനം പോലെ;
''... വിരിവാർന്ന കൊച്ചോണപ്പൂവശേഷം
വാടിക്കരിയണമീ നിമിഷം;
കൊഴിയണം തുമ്പപ്പൂവീ ഞൊടിയിൽ
പൂഴിപുരളുമിക്കല്ലറയിൽ;
പറവകളെല്ലാം ചിറകടക്കി–
ക്കൂടണമിന്നിമേൽ കൊക്കിറുക്കി!
അളിയുന്ന മാംസത്തിൻ ഗന്ധമൂറി,–
ച്ചോരയിഴുകിക്കറുപ്പുകേറി
മലനാടൊരുഗ്രശ്മശാനതുല്യം
മങ്ങിത്തണുത്തു കിടക്കയല്ലി?
അതിമൂകമൂകമീ ശൂന്യതയിൽ,
ശൂന്യാതിശൂന്യമിശ്ശൂന്യതയിൽ
അരിയും തുണിയുമില്ലാതെ കേഴു–
മായിരം ജീവനടിഞ്ഞ മണ്ണിൽ,
അരുതേ, ദയവായിച്ചിങ്ങമേ, നീ–
യീ മുഗ്ദ്ധനൃത്തം തുടരരുതേ!
പകരമൊരുതുള്ളിക്കണ്ണുനീരാ–
പ്പാവങ്ങൾതൻ സ്മൃതിയ്ക്കേകുമോ നീ?
കഴിയുമെന്നുണ്ടെങ്കിലീയിരുട്ടിൽ–
ക്കത്തിച്ചു കാട്ടണേ കൈത്തിരി നീ....''

ഊഊഊ

പുലരാറായി; പൂർവ്വചക്രവാളത്തിൽ കാണ്മൂ
പുതുപൂവിടും തിരുവോണത്തിന്നിതളുകൾ,
'ടോർച്ച്'ടിയ്ക്കുമ്പോ,'ളഞ്ചെന്നു'രപ്പൂ ഘടികാരം;
വാച്ചകൗതുകത്തോടെ ഞാൻ പിടഞ്ഞെഴുന്നേൽപ്പൂ.
എന്തെല്ലാം പണിയില്ല?– മാവേലിക്കർച്ചിക്കണം;
തങ്കത്തിന്നോണക്കോടി സമ്മാനിയ്ക്കണം പിന്നെ!
പുത്തനാസ്സിൽക്കിൻ ഖാദിസ്സാരിതന്നിഴതോറു–
മെത്തുമാ വിരിവാർന്ന കാറൊളിനയനങ്ങൾ;
വിടരും ചെഞ്ചുണ്ടത്തൊരുൽസ്മിതം–ഏവം ചിന്ത

തുടരുംനേരംകേൾക്കായ് കോഴിതൻകളസ്വനം.
പുത്തനാമുടുപ്പിട്ടു, തോഴിമാരൊത്തന്നേരം
നൃത്താമാടുന്നു തങ്കമെന്നുള്ളിൽപ്പാടിപ്പാടി.

# ദത്തപുത്രി

നിർന്നിമേഷനായ് നോക്കി-
യെന്നൊടദ്ദേഹം ചൊന്നാ,-

''നിന്നുതൊട്ടു നീയെന്റെ-
യോമനമകളത്രേ.''

പാലാഴിത്തിരപോലെ-
ച്ചുളിവീണതാം ഖാദി-
ച്ചേലത്തൂവിരിപ്പിട്ട
മെത്തമേൽ,ജ്ജാതോത്സാഹം,

ഒരുകാൽ മടക്കിക്കൊ-
ണ്ടൊ,രുകാൽ നിവർത്തിക്കൊ-

ണ്ടൊ,രുകൈ ചർക്കയ്ക്കർപ്പി-
ച്ചൊ,രുകൈ നീൾനൂലേന്തി,

ശാന്തസുസ്മിതം പൂണു-
മധരം വിടർത്ത,ല്പോൽ-

ഭ്രാന്തമെൻ ഭാവം കണ്ടി-
ട്ടാശ്വസിപ്പിച്ചുംകൊണ്ടേ,

നിർന്നിമേഷനായ് നോക്കി-
യെന്നൊടദ്ദേഹം ചൊന്നാ,-

''നിന്നുതൊട്ടു നീയെന്റെ-
യോമനമകളത്രേ.''
ഊഊഊ
ശുദ്ധിതൻ പത്തായത്തി-
ന്നുദരം വീർക്കാനാർതൻ

ശുഷ്കാസ്ഥി ജലമായി-
ക്കണ്ടത്തിൽപ്പുതയണം,

അക്കൊടുമശുദ്ധിതൻ
വയറ്റിൽപ്പിറന്നൂ ഞാ-

നജ്ഞതാസഖിയായി
നിസ്വതാനികേതത്തിൽ-

പാടീല താരാട്ടാരും,
വീഴുവാൻ നേരം പാർത്തു

പാടുനില്ക്കും കീറോല-
മേൽക്കൂരക്കൂടല്ലാതെ;

മുകർന്നീലെൻ ചുണ്ടാരും,
തകരവിളക്കിന്റെ

പുകയെക്കളിയാക്കും
നിഴൽമാലയല്ലാതെ

അനങ്ങാൻ പാടില്ലാതെ–
യകന്നു മുതിർന്നൂ ഞാൻ

ജനിച്ച കുറ്റത്തിന്റെ
ശിക്ഷയേല്പതുപോലെ.

ഊഊഊ

''ഗാന്ധിജി വന്നിട്ടുണ്ടീ,''
യൌഷധം പ്രസരിച്ചൂ

ഗ്രാമത്തിൻ ഞെരമ്പിലോ–
രോന്നിലുമുത്തേജകം.

'ആരിതെ' ന്നുൽക്കണ്ഠ തൻ
തലപൊക്കിനിന്നാടീ

പാരിച്ച സന്ദേഹത്തിൻ
കുഴലൂത്തിനോടൊപ്പം.

പലരെപ്പോലേ ഞാനും
ചെന്നെത്തീ തൽപാർശ്വത്തിൽ,

പലരെപ്പോലേ ഞാനും
കണ്ടിതാ വയസ്സനെ.

രണ്ടു പല്ലടർന്നോരു
തൊണ്ണുകണ്ടീടും മട്ടിൽ–

ച്ചുണ്ടിളിച്ചർത്ഥംവെച്ചൊ–
രുൽസ്മിതം തൂകീ ശാന്തൻ;

അറിവാകയും ചെയ്തു
തമ്പുരാൻമാർക്കും വയ്ക്കും

ചിരിച്ചീടുവാനെന്ന–
താദ്യമായെനിയ്ക്കന്നാൾ.

ഊഊഊ

ആശ്രമത്തിലേയ്ക്കെന്നെ
ക്ഷണിച്ചാനന്നാപ്പുഷ്പി–

താർഷസൌഭാഗ്യം–പൂർണ്ണ–
പൂർവ്വതൈജസപുഞ്ജം!

സമയത്തവിടെച്ചെ–
ന്നങ്ങിനെ നിലവായ് ഞാ–

നമലമെന്നുൾത്തട്ടി–
ലുദ്വേഗപ്പുളപ്പോടെ !

നിർന്നിമേഷനായ് നോക്കി–

യെന്നോടദ്ദേഹം ചൊന്നാ,–

''നിന്നുതൊട്ടു നീയെന്റെ–
യോമനമകളത്രേ.''

കരയാൻ തോന്നീ, പക്ഷേ
കരഞ്ഞില്ല ഞാനപ്പോൾ;

ചിരിയ്ക്കാൻ തോന്നീ, ചിരി–
ച്ചതുമില്ല ഞാൻ പക്ഷേ !

# അയ്യപ്പന്മാരുടെ ആർപ്പുവിളി

വൻകടലും കടന്നിതർക്കൻ
ചെങ്കോടിയുമായ്; തിങ്കളപ്പോൾ
കുങ്കുമമലർമാലയിട്ടാ–
ത്തെങ്കരിമല കേറുകയാം,
''പപ്പോം പപ്പോം,'' അടിച്ചു 'ഹോറൻ'
പട്ടണത്തിലെ 'ക്കാറ'ണികൾ;
ഹാ, കറങ്ങിടും വട്ടിനൊക്കു–
മാ നടക്കാവിൻ നേർനടുവിൽ
പൊങ്ങും കുന്നിൻ നിറുകയിങ്കൽ–
ത്തങ്ങും ക്ഷേത്രത്തിനുള്ളിലപ്പോൾ
''ണീണ്ണീം ണിണ്ണീം,'' മുഴങ്ങുകയാം
കർണ്ണം കീറും മണിയടികൾ
മുട്ടീ 'മുൻസിപ്പാൽ ക്ലോക്കൊ'രെട്ടു
വട്ടം; കോവിലിൽത്തെല്ലിടയാൽ
പൊട്ടീ മൂന്നു കതിന–ശബ്ദം
പട്ടണത്തിൻ തിരക്കിലാണ്ടു.

ഊഊഊ

ശീതവാഹിയാം വൃശ്ചികക്കാ–
റ്റൂതിയെത്തിത്തുടങ്ങി മേന്മേൽ.
നേർത്തുപോയീ തെരുവിലെല്ലാ–
മാർത്തിരച്ച ജനപ്രവാഹം.
മൂളും സത്വരജീവിതത്തിൻ
താളം താണു, തളർന്നുപോയീ.
കുണ്ടൻപള്ളകളാർന്നിഴയും
രണ്ടുകാലി മൃഗങ്ങളില്ലേ,
കോലം ചുങ്ങിക്കറുത്തു കാര–
ക്കോലായ്ത്തീർന്ന മനുഷ്യതകൾ,
കല്ലിൽച്ചേർന്നാ മനുഷ്യതക–
ളെല്ലാമെല്ലാം മയക്കമായീ;
വൃത്തമൊത്ത നടവഴിയിൽ–
ത്തത്തും വിദ്യുൽപ്രഭാപ്രസരം
കമ്പിക്കാലിൽത്തടയുകയാൽ–
പ്പിമ്പിലോരോ നിഴലുപോലെ!

ൗൗൗ

പാറതോൽക്കുമശ്ശൂന്യതയിൽ–
ക്കൂരിരുളിൽക്കിനിഞ്ഞു ദൂരെ
പേർത്തും പേർത്തുമൊരാരവവും
നേർത്തു നേർത്തോരരുണിമയും.
ആ വിജനതതൻ കൊഴുപ്പി–
ലാത്മനിർല്ലയം തേടുമീ ഞാൻ
കണ്ണാക്കാഴ്ചയിൽ നട്ടുനിന്നൂ,
വിണ്ണിലായിരം താരകളും
എന്തോ കേൾപ്പതവിടെയാവോ,
എന്തോ കാണ്മതവിടെയാവോ!
അന്തിയോളം കൈക്കൽപ്പു മില്ലിൽ–
ച്ചിന്തിച്ചിന്തിത്തളർന്ന കൂട്ടർ,
ഊണിനെന്നാലു, മൊന്നുമില്ലാ–
താണായ്പ്പെണ്ണായ്പ്പിറന്നുപോയോർ,
ആയതെന്തുകൊണ്ടെന്നറിഞ്ഞി–
ട്ടാവേശത്തിൽത്തിളച്ചിടുന്നോർ
'മാർച്ചു'ചെയ്തു വരുന്നു 'റോട്ടി'ൻ
മാർത്തടത്തിൽച്ചവുട്ടിയുഗ്രം!
ഓരോ കയ്യിൽദ്ദീവെട്ടി കാണാ,–
മോരോ കയ്യിൽക്കൊടിയും കാണാം.
ചെങ്കോടിനിര നീളെ നീളെ–
ത്തങ്കും വിസ്തൃതവിണ്ടലത്തിൽ
അഗ്നിജ്വാലാപരപരമ്പരക–
ളഗ്നിജ്വാലാപരമ്പരകൾ!
ചോരച്ചെങ്കടലിൽക്കറങ്ങി–
ച്ചീറും തങ്കത്തിരകളല്ലീ!
വിദ്യാശൂന്യരവർ നിറപ്പൂ
വിപ്ലവാരവം വീഥിയിങ്കൽ:

കൂലിക്കുറവു കരണ്ടു കരണ്ടും
ജോലിക്കൂടുതൽകൊണ്ടു വരണ്ടും
ഞങ്ങടെ മെയ്യിലിറച്ചി നശിച്ചു,
ചുങ്ങീ ചോരക്കുഴലുകളെല്ലാം.
പട്ടിണി തിന്നൂ, നഗ്നത ചുറ്റീ:
പള്ളകളൊട്ടീ, കീറീ നാണം!
അരയിൽക്കെട്ടിപ്പിടിച്ചു വിമ്മി–
ക്കരയും കൊച്ചുകിടാവിൻ കണ്ണിൽ
മിഴിനീരങ്ങിനെ യൂറിവരുമ്പോൾ–
ക്കഴിയില്ലച്ഛനു കുത്തിയിരിയ്ക്കാൻ;
കഴിയില്ലമ്മയ്ക്കപ്പൊഴുതാച്ചെ–
ങ്കവിളിൻ ഭംഗികൾ കണ്ടു രസിയ്ക്കാൻ,
ഞങ്ങളുറക്കെച്ചോദിയ്ക്കുന്നൂ,
ഞങ്ങളൊരണിയായ്ച്ചോദിയ്ക്കുന്നൂ:
തിയ്യാം ഞങ്ങടെ പള്ളയിലെല്ലാം,
വയ്യാ, വയ്യ വിശപ്പു സഹിക്കാൻ––

തരുമോ ഭക്ഷണം?– ഉടനെപ്പറയൂ;
പറയൂ മറുപടി, ഭരണാധിപരേ!
തിയ്യാം ഞങ്ങടെ പള്ളയിലെല്ലാം,
വയ്യാ,വയ്യ വിശപ്പു സഹിക്കാൻ––
തരുമോ തുണി നീ? പറയൂ വേഗം;
പറയൂ മറുപടി, ഭരണാധിപരേ!
കയ്യിലുയർത്തിടുമഥവാ ഞങ്ങൾ
കരാളമാമിദ്ധാർമ്മികരോഷം!....''

കമ്പിക്കാൽനിഴലെന്നപോലേ
കല്ലിൽച്ചേർന്ന മനുഷ്യതകൾ
ഞെട്ടിത്തട്ടിപ്പിടഞ്ഞെണീറ്റു
വട്ടംവീശുന്നൂ കണ്ണിണകൾ;
ഓരോന്നിന്റെ ചൊടികളിലും
നീറിക്കത്തുന്നൂ തോഷപൂരം;
വറ്റിച്ചുങ്ങിയ നാഡിബന്ധം
വൻതരിപ്പാൽത്തുടുത്തിടുന്നൂ.

ഏഏഏ

ആ വിജനതാതൃഷ്ണചിത്തൻ
പോയീ മുമ്പോട്ടു ഞാനലക്ഷ്യൻ.
ചെന്നുമുട്ടിയതമ്പലത്തിൻ
മുന്നിലുള്ളോരഗ്ഗോപുരത്തിൽ!
താടിക്കാടും, കറുത്ത മുണ്ടാൽ–
ത്താറും, രുദ്രാക്ഷമാലയുമായ്
ആറേഴാളുണ്ടഗ്ഗോപുരത്തിൽ–
ക്കേറിക്കൂടിയിരുന്നിടുന്നൂ––
ഓരോ കയ്യിലിരുമ്പുശൂല,–
മോരോ തോളത്തു പൊക്കണവും!
ആ വിജനതതൻ കൊഴുപ്പി–
ലാത്മനിർല്ലയം തേടുമീ ഞാൻ
കണ്ണാക്കാഴ്ചയിൽ നട്ടുനിന്നൂ,
വിണ്ണിലായിരം താരകളും.
കാടൻമട്ടിലവരുതിർപ്പൂ
കാതടപ്പൻനിലവിളികൾ:
'ശരണം, നീയേ ദീനജനത്തിനു
ശരണം, ശബരിയിലയ്യപ്പാ!........
കരിമലമുകളിൽ,ക്കടുമൃഗനടുവിൽ,–
ക്കാലം പോക്കിടുമയ്യപ്പാ!
മലനാടിതിനായ്ക്കാവലിരിയ്ക്കും
മഹിതാശയനാമയ്യപ്പാ!
ശരണാഗതരിൽക്കടമിഴിവിതറും
കരുണാകരനാമയ്യപ്പാ!
അഹ, മൃഗവേട്ട നടത്തി വനങ്ങളിൽ
വിഹരിച്ചിടുമെന്നയ്യപ്പാ!
ശരണം, നീയേ ദീനജനത്തിനു
ശരണം, ശബരിയിലയ്യപ്പാ!

എണ്ണിത്തീർത്തേനതിനിടയിൽ–
ക്കണ്ണുകൊണ്ടു ഞാൻ വേറെ വേറെ,
എത്രയുണ്ടാക്കഴുത്തുകളിൽ
രക്തനാഡികളെന്നു നേരെ.
കമ്പിക്കാൽ നിഴലെന്നപോലേ
കല്ലിൽച്ചേർന്ന മനുഷ്യതകൾ
ഉണ്ടവിടെയും -- ആ മിഴികൾ
എന്തുകൊണ്ടോ കലങ്ങിടുന്നൂ;
ഓരോന്നിന്റെ ചൊടികളിലും
നീറിക്കത്തുന്നിതുഗ്രരോഷം;
കേൾപ്പൂ മേന്മേലവറ്റതൻ പ–
ല്ലേറ്റുമുട്ടും രടിതമീ ഞാൻ!
ഊഊഊ

ആ വിജനതാതൃഷ്ണചിത്തൻ
പോയീ മുന്നോട്ടു പിന്നെയും ഞാൻ.
കൂരിരുട്ടാണെൻ ചുറ്റുപാടും,
തീരെശ്ശാന്തമാണന്തരീക്ഷം.
മുന്മ,ട്ടെങ്കിലും, നൂറു പന്തം
എന്മിഴികളിൽക്കാഴ്ച വീശീ;
മുന്മട്ടെൻകാതിൽ വന്നലച്ചു
മുദ്രാവാക്യപരമ്പരകൾ.

# കുറ്റപത്രം

അല്ലൊളിക്കൂന്തൽക്കെട്ടാ,–
പ്പനിനീർത്തുടുപ്പാർന്നുൽ–

ഫുല്ലമാം കവിളോ,മൽ–
പ്പക്ഷ്മളമിഴികളും,

തനുവല്ലരിയൊട്ടു
ചായുവാൻമാത്രം പോരും

തളിർതാരുണ്യം ചേർത്ത
വാരൊളിപ്പൊൽപ്പൂമൊട്ടും,

കളഭാഷണങ്ങളും–
എന്തിലും 'ചിരുതേയി'

'കളമപ്പറമ്പി' ലെ–
പ്പെണ്കിടാങ്ങളെപ്പോലെ !

തങ്കഭൂഷകൾ വീശും
തരളദ്യുതിയില–

മ്മങ്കമാരേറ്റം ശോഭി–
ച്ചിരുന്നൂ, ശരിതന്നെ;

എങ്കിലമുദ്യാനപ്പൂ–

ച്ചെടികൾക്കൊപ്പം കാലേ

മംഗളമലർചൂടു–
മപ്പയ്ക്കുമില്ലേ ചന്തം?

അവർക്കുണ്ടതിമാത്ര–
മാംഗലീ പരിജ്ഞാന;–

മവൾക്കോ ഞായംവെയ്ക്കാ–
നുള്ള വമ്പസൂയാർഹം.

'ഞാനിന്നു ഞാനിന്നെ' ന്നാ
പ്രഭ്വിമാർക്കുറ്റോരേതു

നാളിലും പരിലാള–
നൌത്സുക്യാൽക്കലഹിയ്ക്കെ,

അമ്മയുമില്ലാതവൾ
തൃപ്തയായ്പ്പുലർന്നാൾ ത–

ന്നമ്മാമൻ കുടിച്ചെത്തി–
സ്സമ്മാനിപ്പതുകൊണ്ടേ.

**2**

കളമപ്പറമ്പിലെ
വെപ്പുകാരിയാണവൾ;

വിളങ്ങീ പുകയിലും
കാമ്യമാം തല്ലാവണ്യം.

കങ്കണം കിലുങ്ങാത്ത
കൈകളും, മഞ്ജീരത്തിൻ

ശിഞ്ജിതം പൊഴിയ്ക്കാത്തോ–
രോമനക്കഴൽകളും

ചലിയ്ക്കെ, പ്രകൃതിത–
ന്നദൃശ്യകരമവൾ–

ക്കലിവോടണിയിച്ചൂ
സൌഷ്ഠവമംഗംതോറും.

മിനങ്ങാഞ്ഞുന്മേഷമ–
റ്റൊടുവിൽക്കൊച്ചമ്മമാ–

രണഞ്ഞീടവേ 'കാറി' ൽ–
ക്കേറിയാക്കടൽത്തീരം;

'തീക്കടെ' പ്പണി തീർത്തു,
മേൽക്കഴുകുവാൻപോകും,

തീർച്ചയാണവളെന്നു–
മമ്പലക്കുളത്തിങ്കൽ.

**3**

ചടുലസമീരണൻ
കാത്തുനില്ക്കുമ്പോ,ളോരോ

പുടവും ദാനം ചെയ്‌വാൻ
ഫുല്ലമാകുന്നൂ സൂനം.

തനിയ്ക്കെന്തലഭ്യ,മാ–
പ്പാശ്ചാത്യ പരിഷ്കാര–

ത്തനിത്തേൻ മോന്തിപ്പോരും
സ്വാമിനിമാർക്കെന്നപോൽ,

ഒരു കാമുകനുണ്ടായ്–
ത്തന്വംഗി ചിരുതയ്ക്കും:

മുരുക്കെങ്കിലുമുണ്ടാം
മുളകിൻകൊടിക്കേറാൻ !

''പ്രഭ്വിമാരുടെ മുന്തും
ജീവിതമൊരാദർശ–

കല്പ,'' മെന്നവൾ 'വെച്ചു–
കളി' യ്ക്കുന്നതായ്ത്തോന്നി !

**4**

നിർമ്മലപ്രേമത്തിന്റെ
പേരിൽത്താൻ നടക്കുന്നൂ

പൊന്മതിൽക്കെട്ടിന്നുള്ളി–
ലെങ്ങുമേ സ്വേച്ഛാചാരം.

പുറത്തോ, ദൗർഭാഗ്യത്താൽ
പ്രേമവഞ്ചിതയായോൾ

നിരത്തിൽത്തള്ളപ്പെട്ടൂ
നീതിതൻ കല്ലേറേൽക്കാൻ !

എന്തുകൊണ്ടെന്നോ ? .......നോക്കൂ:
തന്നൊക്കത്തെ,ന്നേ ചീന്തീ–

ച്ചിന്തേണ്ടിയിരുന്നതാം
'കുറ്റപത്ര' മുണ്ടല്ലോ !

# മനോരഥം

മനുഷ്യനാമെന്റെ മനോരഥത്തിന്നു
മനുഷ്യമുക്തിയേ മനോജ്ഞമാം ലക്ഷ്യം

ൟൟൟ

കുതിച്ചുപായുമിക്കുതിരകളുടെ
കുളമ്പടിയെന്നും മുഴങ്ങുമീ വിണ്ണിൽ;

അലക്കൊള്ളും, നീളെക്കറങ്ങും ചക്രത്തിൻ
കലകലാരവതരംഗമാലകൾ

ൟൟൟ

പൊടി പറത്തി ഞാൻ പറക്കു,മൗദ്ധത്യ–

ക്കൊടുമുടിയെല്ലാം നിരത്തിയങ്ങനെ;

അറിവില്ലായ്മതന്നഗാധതകളെ–
ക്കരയിടിച്ചൊപ്പം നികത്തിയങ്ങനെ

ൟൟൟ

കരളുറപ്പേ, നിൻ കടിഞ്ഞാണിൻ തുമ്പെൻ
കരത്തിലെപ്പൊഴും മുറുകി നിൽക്കുന്നു;

ദിവി ചുഴറ്റിഞ്ഞാനെറിയുന്നൂ വീര–
യുവത്വമേ, നിന്റെ കരുത്തൻ ചമ്മട്ടി

തടഞ്ഞുനിർത്തുവാൻ കരുത്തുണ്ടെന്നാകിൽ–
ത്തടഞ്ഞുകൊള്ളട്ടെ പുരാതനത്വങ്ങൾ;

തകർത്തിടാമെങ്കിലധാർമ്മികത്വങ്ങൾ
തകർത്തുകൊള്ളട്ടെ മമ മനോരഥം:

അവർക്കു വല്ലതുമപായം പറ്റിയാ–
ലവർക്കാവും കുറ്റം, അതും പറയട്ടെ!

മനുഷ്യനാമീയെൻ മനോരഥത്തിന്നു
മനുഷ്യമുക്തിയേ മനോഹരമുന്നം!